മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : 1998-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് 25-1-1998-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിനായി 2005-ൽ നിയമിച്ച ശമ്പളപരിഷ്ക്കരണ കമ്മീഷൻ സംസ്ഥാനത്തെ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന കാര്യവും പരിശോധിക്കുന്നുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) നെല്ല് സംഭരണം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നെല്ല് സംഭരണമാണ് എന്റെ വിഷയം. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നതെങ്കിലും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം. കഴിഞ്ഞ വർഷം നടത്തിയ നെല്ല് സംഭരണത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. കൃഷിക്കാർക്ക് കൊടുക്കാനുള്ള ഹാൻഡിലിംഗ് ചാർജ്ജ്, ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടെ 15 കോടി രൂപ കൊടുത്തുതീർക്കാനുണ്ടെന്ന് സൂചിപ്പിച്ചപ്പോൾ ഒൻപതര കോടി രൂപയാണ് കൊടുത്തുതീർക്കാനുണ്ടായിരുന്നതെന്നും അതിൽ 50 ലക്ഷം രൂപ കൊടുത്തുവെന്നും ഇനി 9 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നും അഡ്മിറ്റ് ചെയ്തു. ഈ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതല ഏൽപ്പിച്ചുവെന്നും പറയുകയുണ്ടായി. ജനുവരി 31-ാം തീയതിക്കുള്ളിൽ മാവേലി സ്റ്റോറുകളിൽ അപേക്ഷ കൊടുക്കണമെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ അത് 10 ദിവസംകൂടി നീട്ടി. കൃഷിക്കാർ എല്ലാപേരും മാവേലി സ്റ്റോറിൽ പോയി ബാങ്ക് ബാലൻസും പാസ്സ് ബുക്കും അക്കൗണ്ട് നമ്പരും കൊണ്ടുപോയി കുറെ കടലാസും കാര്യങ്ങളുമൊക്കെ പൂരിപ്പിച്ചുകൊടുക്കണം. കൃഷിക്കാർ അത് വേണ്ട രീതിയിൽ സ്വീകരിച്ചിട്ടില്ലായെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്. പാടശേഖര സമിതികളും നെല്ല് സംഭരണം നടത്തുന്ന സഹകരണ സംഘങ്ങളും ഉൾപ്പെടെയുള്ളവർ സംഭരണ പ്രക്രിയയിൽ വരികയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ഗവൺമെന്റ് കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്ന സംഖ്യ കൊടുക്കുകയും കുടിശ്ശിക തീർക്കുകയും ചെയ്താൽ മാത്രമേ നെല്ല് സംഭരിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ കഴിഞ്ഞ വർഷങ്ങളെപ്പോലെ ഇത് വമ്പിച്ച പരാജയമായി മാറും. മാത്രമല്ല ഇപ്പോൾ ഞങ്ങളുടെ മേഖലയിൽ കൊയ്ത്ത് ആരംഭിച്ചുകഴിഞ്ഞു. കൊയ്ത്ത് ആരംഭിച്ച പാടശേഖരങ്ങളിൽ സ്വകാര്യ മിൽ ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് അല്ലെങ്കിൽ അവരുടെ കെണിയിൽപ്പെട്ട് അവർ പറയുന്ന വിലയ്ക്ക് നെല്ല് കൊടുക്കേണ്ടിവരുന്നു. ഗവൺമെന്റ് നെല്ല് എടുക്കുന്നില്ല. പ്രഖ്യാപിച്ച വിലയാകട്ടെ കഴിഞ്ഞ വർഷത്തേക്കാൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കുറവുമാണ്. കൃഷിക്കാർക്ക് നെല്ല് കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇപ്പോൾ സ്വകാര്യ മില്ലുകാർ വന്ന് അവർ പറയുന്ന വിലയ്ക്ക് നെല്ല് എടുത്തുകൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണം പരാജയപ്പെടുന്ന വിധത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ച ഇന്നത്തെ നടപടികൾ മാറ്റണം. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും കൃഷി വകുപ്പും സംയുക്തമായി കർഷകരേയും പാടശേഖര സമിതികളേയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്തികൊണ്ട് വിപുലമായ ഒരു സംവിധാനത്തിലൂടെ മുന്നോട്ടുവന്നാൽ നെല്ല് സംഭരണം വിജയിക്കും. അതിന് കഴിഞ്ഞ വർഷത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള സംഖ്യ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. തൃശ്ശൂർ ജില്ലയിലെ കൃഷിക്കാർ മിനിഞ്ഞാന്ന് ജില്ലാ കളക്ടറേറ്റിനു മുന്നിൽ വന്നിച്ച സമരം നടത്തിയ കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നെല്ല് സംഭരണ നടപടികൾ ഊർജ്ജിതപ്പെടുത്താൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, പാലക്കാട് ജില്ലയിലെ കൃഷിക്കാരെ ബാധിക്കുന്ന പ്രശ്നത്തെ സംബന്ധിച്ച് എനിക്ക് കാളിംഗ് അറ്റൻഷൻ അവതരിപ്പിക്കാൻ അവസരം തരണം എന്നാലെ എനിക്ക് കാര്യങ്ങൾ കൃത്യമായി പറയാൻ കഴിയുകയുള്ളു.

മി. സ്പീക്കർ: കാളിംഗ് അറ്റൻഷൻ അനുവദിക്കാൻ പറ്റുകയില്ലെന്ന് പറഞ്ഞു. സാധാരണഗതിക്ക് സമനമായ സബ്മിഷൻ തരുമ്പോൾ, ചെയ്യുന്ന ഔദാര്യം ചെയ്തു. ബ്രീഫ് ആയിട്ട് കാര്യം പറയാൻ അവസരം തരാം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജൂൺ 2005 മുതൽ വിവധ സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ, പാടശേഖര സമിതികൾ മുതലായ സംഭരണ ഏജൻസികളിൽനിന്നും കഴിയും വിധത്തിൽ കർഷകരിൽ നിന്നും നേരിട്ട് നെല്ല് സംഭരിച്ചു. സൊസൈറ്റികൾ, പാടശേഖര സമിതികൾ തുടങ്ങിയവയിൽ നിന്നും 5,22,422 ക്വിന്റലും കർഷകരിൽനിന്ന് നേരിട്ട് 6,13,655 ക്വിന്റലും നെല്ല് സംഭരിച്ചു. പുതിയ സീസണിൽ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നവംബർ, ഡിസംബർ മാസങ്ങളിലായി പുതിയ മില്ലുകളെ കരാർ ജോലിക്ക് ക്ഷണിക്കുകയും അവരുമായി കരാറിലേർപ്പെടുന്നതു സംബന്ധിച്ച് നടപടികൾ പുരോഗമിക്കുകയും ചെയ്തു. ഇതുവരെ 19 മില്ലുകളുമായി കരാർ ഒപ്പുവച്ചു കഴിഞ്ഞു. കർഷകരുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ജനുവരി രണ്ടാം പകുതിയിൽ കർഷകർക്കുള്ള അപേക്ഷാ ഫാറങ്ങൾ വിതരണം ചെയ്തു. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കുന്നതിനുള്ള അവസാന തീയതി 31-1-2006 ആയിരുന്നുവെങ്കിലും കർഷകരുടെ ആവശ്യാർത്ഥം അത് ഫെബ്രുവരി 10 വരെ നീട്ടിയിട്ടുണ്ട്. നടപ്പ് സീസണിൽ ഫെബ്രുവരി രണ്ടാം പകുതിയോടുകൂടി മാത്രമേ വ്യാപകമായി കൊയ്ത്ത് ആരംഭിക്കുകയുള്ളു. എങ്കിലും കൊയ്ത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ച സ്ഥലത്ത് പഞ്ചായത്ത് അടിസ്ഥാനത്തിൽ കോർപ്പറേഷനുവേണ്ടി നെല്ല് എടുക്കാൻ മില്ലുകളെ കരാറിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി മൂന്നാം തീയതി നെല്ല് സംഭരണം ആരംഭിച്ചുകഴിഞ്ഞു. പുതിയ നിരക്കിൽ ഇതുവരെ 1690 ക്വിന്റൽ നെല്ല് സംഭരിച്ചുകഴിഞ്ഞു. കർഷകരിൽനിന്നും നേരിട്ട് സംഭരണവും ബാങ്ക് അക്കൗണ്ടിലൂടെ കർഷകർക്ക് നേരിട്ട് തുക വിതരണവും ചെയ്തു. കഴിഞ്ഞ സീസണിൽ കുറ്റമറ്റ രീതിയിൽ കൊണ്ടുവരാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞു. ഈ ഇനത്തിൽ കർഷകർക്ക് പൂർണ്ണമായും പണം നൽകിക്കഴിഞ്ഞു. ഈ പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം കർഷകർക്ക് ലഭ്യമാക്കാനും പദ്ധതി സുഗമമാക്കാനും വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുവാനും അതുവഴി അവരെ ബോധവൽക്കരിക്കാനും കർഷകർക്കുള്ള അപേക്ഷകൾ, സർക്കുലർ എന്നിവ മുഖേന കോർപ്പറേഷൻ നടപടികൾ ഇതിനോടകം തന്നെ എടുത്തിട്ടുണ്ട്. കഴിഞ്ഞ സീസണിൽ പാലക്കാട്ടിൽ കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിച്ചു പാലക്കാടും കുട്ടനാടും പോലുള്ള പ്രദേശങ്ങളിൽ 6,13,655 ക്വിന്റൽ നെല്ലാണ് സഹകരണ സംഘങ്ങൾ സംഭരിച്ചതിനേക്കാൾ കൂടുതൽ സംഭരിക്കാൻ കഴിഞ്ഞത്. ഈ പദ്ധതിയിൽ കർഷകർ പൂർണ്ണമായി അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഞാൻ തന്നെ നേരിട്ട് പാലക്കാട് പോയി യോഗം വിളിച്ചുകൂട്ടി കർഷകരുമായി ചർച്ച ചെയ്തതാണ്. ആ ചർച്ചയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനുവേണ്ടി എടുത്തിരിക്കുന്ന നടപടികൾ തുടർന്നും മുന്നോട്ടു കൊണ്ടു പോകുന്നതിനുവേണ്ട എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്തു തരണമെന്ന ആവശ്യമാണ് കർഷകർ ഉന്നയിച്ചത്. അതുകൊണ്ട് ഒരു ആശങ്കയ്ക്കും വകയില്ല. ഈ സംരംഭം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകും.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലന് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഒരു സ്പെഷ്യൽ കേസായിട്ട് ചോദിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, ഈ വിഷയം ഞാൻ കാളിംഗ് അറ്റൻഷനായി തന്നിരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. എനിക്ക് അതിനോട് യോജിക്കാൻ കഴിയില്ല. പാലക്കാട് ജില്ലയിലെ കർഷകർ ഇന്ന് നേരിടുന്ന പ്രശ്നത്തിന്റെ ഒരു അംശം പോലും ഈ മറുപടിയിൽ വന്നിട്ടില്ല. അതുകൊണ്ട് എനിക്ക് കാളിംഗ് അറ്റൻഷനായി തന്നു കഴഞ്ഞാൽ വിശദമായിട്ട് പറയാം.

മി. സ്പീക്കർ: തെറ്റിദ്ധാരണ വേണ്ട ഒരേ വിഷയത്തെ സംബന്ധിച്ച് കാളിംഗ് അറ്റൻഷനും സബ്മിഷനും അവതരിപ്പിക്കാൻ നോട്ടീസ് കൊടുത്ത സാഹചര്യത്തിൽ അവസരം കൊടുക്കാമെന്ന് മി. ബാലനോട് ഞാൻ പറഞ്ഞു. നേരത്തെ ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. സ്വാഭാവികമായും ഇനി അത് കൊടുക്കാൻ കഴിയില്ല. അവസരം കൊടുക്കാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പിടിവാശിയാണെങ്കിൽ നിവൃത്തിയില്ല. കാര്യം പറയേണ്ടതാണെങ്കിൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly